പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 211 — 23.01.2018-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി. യിലെ പെൻഷൻ കടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ പെൻഷൻ നിരന്തരമായി മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | 2017 ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 10,000 രൂപയിലധികം വാങ്ങുന്നവർക്ക് 10,000 രൂപ കഴിച്ച് ബാക്കി തുക നൽകുവാനുണ്ട്. 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിലെ പെൻഷനും വിതരണം ചെയ്യുവാനുണ്ട്. സർക്കാർ 60 കോടി രൂപ കെ.എസ്.ആർ.ടി.സിക്ക് നൽകിയതിനെ തുടർന്ന് നവംബർ മാസത്തെ പെൻഷൻ വിതരണം ചെയ്തു. ഇവർക്ക് മുടക്കം കൂടാതെ പെൻഷൻ നൽകുന്നതിനുള്ള പരിശ്രമത്തിലാണ്. |
| (ബി) | കെ. എസ്. ആർ. ടി. സി. യിൽ നിലവിൽ എത്ര മാസത്തെ പെൻഷൻ കടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇതിനായി എത്ര തുക വേണ്ടി വരുമെന്നും പെൻഷൻ വിതരണത്തിനുള്ള തുക കണ്ടെത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്നും വ്യക്തമാക്കുമോ; | (സി) യും (ഡി) യും | 164 കോടി രൂപ .<br>വരവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത സാമ്പത്തിക ബുദ്ധിമുട്ടുമൂലമാണ് പെൻഷൻ മുടങ്ങിയിട്ടുള്ളത്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പകൾ, സർക്കാരിന്റെ സാമ്പത്തിക സഹായം എന്നിവ മൂലം പെൻഷൻ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നു. കൂടിയ പലിശ നിരക്കിലും കുറഞ്ഞ കാലാവധിയുമുള്ള കെ.എസ്.ആർ.ടി.സിയുടെ വായ്പകൾ, ബാങ്ക് കൺസോർഷ്യം മുഖേന കുറഞ്ഞ പലിശ നിരക്കിലും കൂടിയ കാലാവധിയിലുമുള്ള വായ്പകളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ കൃത്യമായി വിതരണം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | കെ. എസ്. ആർ. ടി. സി. യിൽ എന്നത്തേക്ക് പെൻഷൻ വിതരണം നടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ